കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല- കീഴല്ലൂർ ഗ്രാമപഞ്ചായത്ത് വക സ്ഥലം മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1802/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 29-6-2012

---

പരാമർശം :- 1. കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 11-5-12 -ലെ 53/2012 (19) നമ്പർ തീരുമാനം.

2. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18-5-12-ലെ എ1 130/11 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ തീരുമാനത്തിന്റെയും (2)-ലെ കത്തിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കീഴല്ലൂരംശം എടയന്നൂർ ദേശം റീ സർവ്വേ 88/6-ൽപ്പെട്ട എടയന്നൂർ-മട്ടന്നൂർ PWD റോഡിന് പടിഞ്ഞാറ് ഭാഗത്തുള്ള 12 (പന്ത്രണ്ട്) സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തി മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, എൻ.
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി, കീഴല്ലൂർ ഗ്രാമപഞ്ചായത്ത് -670595
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.